
മലങ്കരസഭ

THE MALANKARA SABHA

MALAYALAM MONTHLY



മലങ്കര നസ്രാണി
പൈതൃകത്തിന്റെ
അദ്ധ്യാത്മ പൗരുഷം
തുളുമ്പുന്ന
മഹാശോഭയോടെ
മലയാള നാടിന്റെ
മനം നിറഞ്ഞു വാണ
പൗരസ്ത്യ കാതോലിക്കായും
മലങ്കര മെത്രാപ്പോലീത്തായുമായ
പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ പൗലോസ്
ദ്വിതീയൻ ബാവാ
2021 ജൂലൈ 12
പുലർച്ചെ 2.35-ന്
കാലം ചെയ്തു

കപടതയില്ലാത്ത പ്രാർത്ഥനാജീവിതം

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മ്രെതാപ്പോലീത്ത

2021 ജൂലൈ 12. അർദ്ധരാത്രി. പരുമല സെ. ഗ്രിഗോറിയോസ് ആശുപത്രിയിൽ അഭിവന്ദ്യരായ പിതാക്കന്മാരും വൈദികരും വിശ്വാസികളുടെ ഒരു പറ്റവും പ്രാർത്ഥനകളിൽ മുഴുകി നില്ക്കുന്നു. സങ്കീർത്തന മന്ത്രണങ്ങൾക്കിടയിലൊരു മാത്ര പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു.

ജീവിതത്തിന്റെ സ്വകാര്യ നിമിഷങ്ങളെല്ലാം പ്രാർത്ഥനകൾ കൊണ്ട് പൂരിതമാക്കിയ ദൈവത്തിന്റെ മഹാപുരോഹിതൻ എന്ന നിലയിലാണ് പ. പിതാവിനെ ഈ സന്ദർഭത്തിൽ ഓർത്തെടുക്കാൻ സാധിക്കുന്നത്.

1. നിഷ്കപടമായ പ്രാർത്ഥനാജീവിതം

''നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാത്ഥിക്കുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും'' (വി.മത്തായി 6:6). പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെയോ പരീശന്മാരെപ്പോലെയോ ആകരുതെന്നും കർത്താവ് പഠിപ്പിക്കുന്നുണ്ട്. പരിശുദ്ധ ബാവാ തിരുമേനിയുടെ പ്രാർത്ഥനാജീവിതം കർത്താവിന്റെ കൽപനയ്ക്കനുസരിച്ച് മാത്രമായിരുന്നു. യാമപ്രാർത്ഥനകളും വിശുദ്ധ കുർബ്ബാന തുടങ്ങിയ കൂദാശകളും വിശ്വാസികളോടു ചേർന്ന് അവരുടെ ഇടയൻ എന്ന നിലയിൽ നടത്തിയിരുന്നെങ്കിലും അടച്ചിട്ടിരിക്കുന്ന മുറിയിൽ ഇരുന്നുകൊണ്ട് രഹസ്യത്തിൽ കാണുന്ന പിതാവിനോട് സ്ഥിരസംസർഗ്ഗം നടത്തുന്നതിനായിരുന്നു തിരുമേനിയുടെ താൽപര്യം. അങ്ങനെയൊരു പ്രാർത്ഥനാജീവിതം തനിക്കുണ്ടെന്ന് ആരും അറിയരുതെന്നത് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. തിരുമേനിയുടെ കൈയ്യിലെ പ്രാർത്ഥനാപുസ്തകം ഒരു റബ്ബർബാന്റ് കെട്ടിയാണ് എപ്പോഴും കാണപ്പെട്ടിരുന്നത്. ആ പുസ്തകം എപ്പോഴും കൂടെ ഉണ്ടായിരുന്നു. യാത്ര ചെയ്യുമ്പോൾ കൈയ്യിലിരിക്കുന്ന ചെറിയ പെട്ടിയിലും ഉറങ്ങു മ്പോൾ തലയിണയുടെ വശത്തും അതു സൂക്ഷിക്കുമായിരുന്നു. വിവിധ പ്രാർത്ഥനാവിഷയങ്ങൾ അടങ്ങിയ ചെറിയ പ്രാർത്ഥനാകുറിപ്പുകൾ അതിൽ വച്ചിട്ടുള്ളതുകൊണ്ട് അവ നഷ്ടപ്പെടാതിരിക്കാനാണ് റബ്ബർബാന്റ് കൊണ്ട് പുസ്തകം കെട്ടിയിരുന്നത്. രഹസ്യപ്രാർത്ഥനാ സമയങ്ങളിൽ എഴുതിവച്ചിരുന്ന പ്രാർത്ഥനാ വിഷയങ്ങൾ മുഴുവനും രഹസ്യത്തിലുള്ള പിതാവിന്റെ സന്നിധിയിൽ സമർപ്പിക്കുമായിരുന്നു. തിരുമേനിയോടൊപ്പം ഒരു യാത്ര നടത്തിയ സാഹചര്യത്തിൽ സാന്ദർഭികമായിട്ടി പുസ്തകം കാണുവാൻ ഇടയായി. തിരുമേനിയുടെ പേരൊഴികെ ബാക്കി എല്ലാ പേരുകളും വിഷയങ്ങളും പ്രാർത്ഥനയ്ക്കായി ആ പുസ്തകത്തിലുള്ള ചെറിയ പേപ്പറുകളിൽ കാണാൻ കഴിഞ്ഞു. രോഗാവസ്ഥയിൽ ആശുപ്രതിയിൽ കഴിഞ്ഞ തിരുമേനിയെ സന്ദർശിച്ചപ്പോൾ പ്രാർത്ഥനാ പുസ്തകത്തിലെ ലിസ്റ്റുകളിൽ എവിടെയെങ്കിലും സ്വന്തപേരുകൂടി ചേർത്തു പ്രാർത്ഥിച്ചുകൂടെ എന്ന് തമാശരൂപത്തിൽ ചോദിച്ചപ്പോൾ പറഞ്ഞ മറുപടി ശ്രദ്ധേയമാണ്. “ഞാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കേണ്ട കാര്യമില്ല. എന്നെക്കൊണ്ട് സഭയ്ക്കാവശ്യമുണ്ടെന്ന് ദൈവത്തിന് തോന്നുന്ന സമയം വരെ ദൈവം എന്നെ കാത്തുകൊള്ളും. ദൈവം എപ്പോൾ വിളിച്ചാലും പോകാൻ ഞാൻ ഒരുക്കമാണ്.” പ്രാർത്ഥനാജീവിതം സ്വാർത്ഥലാഭത്തിനു വേണ്ടിയുള്ളതും കപടഭക്തി നിറഞ്ഞതും ആകരുതെന്ന് തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു.

2. ഉറച്ച നിലപാടുകളുടെ കാവൽക്കാരൻ

മലങ്കര സഭയിലെ ഒരു മെത്രാപ്പോലീത്ത എന്ന നിലയിലും പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലും ഉറച്ച നിലപാടുകൾ സ്വീകരിച്ച് സഭയെ നയിച്ച പിതാവാണ് പരിശുദ്ധ ബാവ തിരുമേനി. 2017 ജൂലൈ 3-ന് സഭാ തർക്കം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി ഉണ്ടായപ്പോൾ സഭയുടെ ഐക്യത്തിനും ശാശ്വത സമാധാനത്തിനും വേണ്ടി സഭയിലെ രണ്ടു വിഭാഗങ്ങൾക്കുമായി പുറത്തിറക്കിയ കൽപനയിൽ പ്രകടമാക്കിയിരിക്കുന്ന നിലപാടിൽ തിരുമേനി അവസാനം വരെ ഉറച്ചു നിന്നു. കൽപനയിലെ നിലപാടുകളോട് ക്രിയാത്മക പ്രതികരണം രണ്ടു വിഭാഗങ്ങളും ഒരുപോലെ നടത്തിയിരുന്നുവെങ്കിൽ സഭയിൽ ഇതിനോടകം സമാധാനവും ഐക്യവും സംജാതമാകുമായിരുന്നു. സഭയുടെ എല്ലാ ദേവാലയങ്ങളിലും സഭാഭരണഘടന അനുസരിച്ചും സഭയുടെ ഉറച്ച പാരമ്പര്യം അടിസ്ഥാനപ്പെടുത്തിയും ഭരണനിർവ്വഹണവും ആരാധനാനുഷ്ഠാനങ്ങളും നിർവഹിച്ചിരിക്കണമെന്ന് തിരുമേനിക്ക് നിർബന്ധമായിരുന്നു. പൊതുവേദികളിൽ നിന്നും ആഘോഷങ്ങളുടെ ആരവങ്ങളിൽ നിന്നും കഴിവിന്റെ പരമാവധി ഒഴിഞ്ഞുനിൽക്കുവാൻ ശ്രമിച്ച പരിശുദ്ധ പിതാവ് സഭയുടെ സുപ്രധാനഘട്ടങ്ങളിലൊക്കെ ധൈര്യപൂർവ്വം നിലപാട് എടുക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തിരുന്നു എന്നതാണ് യാഥാർത്ഥ്യം. രാഷ്ട്രീയ-മത രംഗങ്ങളിൽ ചിലർ ചെയ്യുന്നതുപോലെ ജനങ്ങളുടെ ശ്രദ്ധയും ആദരവും പിടിച്ചെടുക്കാനുള്ള കൃത്രിമമായ അഭ്യാസങ്ങളൊന്നും അദ്ദേഹം നടത്തുമായിരുന്നില്ല. തന്റെ വ്യക്തിത്വവും, സഭയുടെ സ്വത്വബോധവും സ്വാതന്ത്ര്യവും ആർക്കും അടിയറവയ്ക്കുവാൻ സാധിക്കുകയില്ല എന്ന അദ്ദേഹത്തിന്റെ ഉറച്ച നിലപാട് എതിരാളികൾ എന്ന് സ്വയം കരുതുന്നവരുടെ ധാരാളമായ പരിഹാസശരങ്ങൾക്ക് കാരണമായിട്ടുണ്ടെന്നതും വസ്തുതയാണ്. ശിക്ഷണബോധം വൈദികസ്ഥാനികളിലും വിശ്വാസികളിലും ഉണ്ടായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. നിയമം തെറ്റിക്കുന്ന വൈദികരോടും പള്ളിപ്രമാണികളോടും കർശനമായിത്തന്നെ ഇടപെട്ടു. അപ്രിയ സത്യങ്ങൾ അധികാരികളോടുപോലും വിളിച്ചു പറയുന്നതിൽ ഒരിക്കലും മടി കാണിച്ചിട്ടില്ല. നിലപാടുകളിൽ കാർക്കശ്യക്കാരനായിരുന്നുവെങ്കിലും വളരെ ലളിതമനസ്കനും കുഞ്ഞുങ്ങളെ സ്നേഹിക്കുന്നവനും ദരിദ്രരെ സഹായിക്കുന്നവനും തിരുമുമ്പിൽ സേവ ഇഷ്ടപ്പെടാത്തവനുമായിരുന്നു പരിശുദ്ധ ബാവ തിരുമേനി എന്നത് ഏവർക്കും അറിയാവുന്ന സത്യമാണ്.

3. ഭീഷണികൾക്ക് വഴങ്ങാത്ത നിർമ്മലമാനസൻ

മലങ്കരസഭയിലുണ്ടാകുന്ന ആഭ്യന്തര വിഷയങ്ങളോടും സഭയുടെ വളർച്ചയ്ക്ക് തടസമായി വരുന്ന ബാഹ്യ ഇടപെടലുകളോടും തിരുമേനി എപ്പോഴും പ്രതികരിച്ചിരുന്നത് ഒരു ധീരോദാത്ത വിശുദ്ധിയോടെയാണ്. നീതിയും നിയമവും ഉറപ്പാക്കുന്നതിനുവേണ്ടി കോലഞ്ചേരിയിൽ നടത്തിയ നിരാഹാര സമരവും ചേലക്കര പള്ളിയിലെ വന്ദ്യ കോർഎപ്പിസ്കോപ്പായെ കുത്സിതമാർഗ്ഗങ്ങളിലൂടെ കാരാഗൃഹത്തിലടച്ചപ്പോൾ കാരാഗൃഹത്തിനു മുന്നിൽ തിരുമേനി ചെയ്ത നിൽപുസമരവും വിസ്മരിക്കപ്പെട്ടിട്ടില്ല. സഭയ്ക്കുള്ളിലെ ചില ഇടവകകളിൽ നിന്ന് നിയമവിരുദ്ധവും ശിക്ഷണരാഹിത്യപരവുമായ നടപടികൾ ഉണ്ടായപ്പോൾ അവയെ തിരുത്തുകയും അവരോട് ക്ഷമിക്കുകയും ചെയ്ത രീതികളും മറക്കാറായിട്ടില്ല. ആരുടെയും ഭീഷണികൾക്ക് അദ്ദേഹം ഒരിക്കലും വഴങ്ങിയിരുന്നില്ല. 2017 ജൂലൈ 3-ന് സുപ്രീംകോടതി പുറപ്പെടുവിച്ച സഭാതർക്കം സംബന്ധിച്ച അന്തിമവിധി സഭയുടെ ഇടവകകളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നേരിടേണ്ടി വന്ന വ്യക്തിഹത്യകളും ഭീഷണികളും തിരുമേനിയെ സ്പർശിച്ചതായി തോന്നിയിട്ടില്ല. ഭീഷണികളുടെ മുമ്പിൽ രാജ്യനിയമവും ദൈവനീതിയും സത്യവും ധർമ്മവും ബലികഴിക്കപ്പെടരുത് എന്ന നിർബന്ധബുദ്ധി അദ്ദേഹത്തിന് ഉണ്ടായിരുന്നു.



എക്യുമെനിക്കൽ ബന്ധങ്ങൾക്കും സാമുദായിക ബന്ധങ്ങൾക്കും സൗഹൃദത്തിനും വ്യക്തിബന്ധങ്ങൾക്കുമൊക്കെ പരിശുദ്ധ ബാവതിരുമേനി അധികം വില കൽപിച്ചിരുന്നു. എന്നാൽ സഭയുടെ നിഷ്ഠകൾക്കും നിലപാടുകൾക്കും ഇത്തരം ബന്ധങ്ങൾ തടസ്സുമായിക്കൂടാ എന്ന നിർബന്ധവും അദ്ദേഹം വച്ചുപുലർത്തി. ആത്മീയ പുരുഷന്മാരുടെ തനതു സിദ്ധികളായ് മഹിമയും ഗരിമയും അവരുടെ ആന്തരീക ചൈതന്യത്തെ ജ്വലിപ്പിക്കുന്നവയാണ്. അതുകൊണ്ടുതന്നെ നിർഭയത്വം, നിസ്സംഗത്വം എന്നീ ഗുണവിശേഷങ്ങൾ അവരിൽ ആവോളം തെളിഞ്ഞും വിളങ്ങിയും നിൽക്കും. പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൌലോസ് ദ്വിതീയൻ ബാവായുടെ വ്യക്തിപ്രഭാവത്തിലും അടിസ്ഥാന ഗുണങ്ങളിലും ഇവയെല്ലാം നിറഞ്ഞു നിന്നിട്ടുണ്ട്. സത്യദൈവത്തിലുള്ള ഉറച്ച വിശ്വാസവും സഭയോടുള്ള ഭക്തിയും കൂറും അദ്ദേഹത്തെ എപ്പോഴും കർമ്മനിരതനാക്കി.

കുന്നംകുളം ദേശത്തു നിന്ന് മലങ്കരസഭയ്ക്കു ലഭിച്ച മുത്തുകളിൽ മൂന്നാമനാണ് പരിശുദ്ധ ബാവതിരുമേനി. കുന്നംകുളം മ്രെതാസനത്തിന്റെ അജപാലകൻ, മലങ്കരസഭയുടെ അമരക്കാരൻ, മുന്നണിപ്പോരാളി എന്നീ നിലകളിൽ പരിശോഭിച്ച കർമ്മയോഗിക്ക് ഹൃദയം നിറഞ്ഞ വേദനകളോടെ അന്ത്യയാത്രാമൊഴി ചൊല്ലുന്നു. പരിശുദ്ധ പിതാവേ, സമാധാനത്തോടെ പോവുക.

ദൈവത്തെ സ്നേഹിക്കുന്നവർക്കും നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും സർവ്വതും നന്മയ്ക്കായി വ്യാപരിക്കുന്നു എന്ന തിരുവചനം പരിശുദ്ധ ബാവാതിരുമേനിയുടെ ജീവിതത്തിൽ തികച്ചും അർത്ഥവത്താണ്.

അനുശോചനങ്ങൾ

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി

Saddened by the passing away of His Holiness Moran Mar Baselios Marthoma Paulos II, the Supreme Head of Indian Orthodox Church. He leaves behind a rich legacy of service and compassion. In this hour of grief, my thoughts are with the members of the Orthodox Church. RIP.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നിര്യാണത്തിൽ അനുശോചിക്കുന്നു. സാധാരണക്കാരിൽ ഒരാളായി അവരോടൊപ്പം ജീവിച്ച വ്യക്തിയായിരുന്നു അദ്ദേഹം. സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് സഹായഹസ്തവുമായി എന്നും മുന്നിലുണ്ടായിരുന്നു. സ്ത്രീകളെ സഭാ ഭരണത്തിന്റെ വേദിയിൽ എത്തിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചു. ലഹരി ഉപയോഗത്തിനെതിരെയുള്ള ബാവായുടെ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. കേരളത്തിൽ സഭയിലും സമൂഹത്തിലും സമാധാനം പുലർത്തുവാൻ നിലകൊണ്ടു. സഭയുടെ താൽപര്യമായിരുന്നു എന്നും ബാവ ഉയർത്തിപ്പിടിച്ചത്. ലോകത്താകെയുള്ള ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം മുഖ്യ പങ്കു വഹിച്ചു. ഋഷിതുല്യമായ ജീവിതം നയിച്ച ബാവാ തിരുമേനിയുടെ നിര്യാണം സമൂഹത്തിനാകെ വലിയ നഷ്ടമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി

സഹജീവി സ്നേഹത്തിലധിഷ്ഠിതമായ ആധ്യാത്മിക ശുശ്രൂഷയായിരുന്നു മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്താമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ മുഖമുദ്ര. ആധ്യാത്മികരംഗത്ത് നേതൃത്വപരമായ പങ്കുവഹിച്ചതിനൊപ്പം പാവപ്പെട്ടവർക്കും അശരണർക്കും സഹായകരമായ നിരവധി പദ്ധതികൾ നടപ്പാക്കി. കാൻസർ രോഗികൾക്കുള്ള സ്നേഹസ്പർശം പദ്ധതിയിലൂടെ അനേകർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി. നൂറു കോടി രൂപ ചെലവിട്ട് നിർമിച്ച പരുമല കാൻസർ സെന്റർ തിരുമേനിയുടെ ഇച്ഛാശക്തിയിലൂടെയാണ് യാഥാർത്ഥ്യമായത്. അർബുദബാധിതനായ തിരുമേനി വിദേശ ചികിത്സയ്ക്ക് തയാറാകാതെ പരുമല ആശുപത്രിക്കപ്പുറം ഒരു ചികിത്സ വേണ്ടെന്ന നിലപാടെടുത്തു. മദ്യത്തിനും മയക്കുമരുന്നിനുമെതിരേ നിരവധി കർമപദ്ധതികൾ നടപ്പാക്കി. സ്ത്രീകൾക്ക് പള്ളി ഭരണത്തിലും സഭാ ഭരണത്തിലും നിർണായക പങ്ക് നൽകിയ ആത്മീയ ആചാര്യനായിരുന്നു അദ്ദേഹം. വിശ്വാസി സമൂഹത്തിന്റെ അഗാധമായ ദുഃഖത്തിൽ പങ്കുചേരുന്നു. പരിശുദ്ധ പിതാവിന്റെ ജ്വലിക്കുന്ന ഓർമ്മകൾക്ക് മുന്നിൽ പ്രണാമം.

ആരോഗ്യവകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ്

പരിശുദ്ധ കാതോലിക്കാ ബാവായുടെ വേർപാട് വേദനാജനകമാണ് ആത്മീയ ഔന്നത്യത്തിലും സാധാരണക്കാരോട് അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിച്ചു. ലാളിത്യത്തോടെ പെരുമാറി. നിഷ്കളങ്കതയും നൈർമ്മല്യവും തിരുമേനിയുടെ സ്വഭാവ സവിശേഷതകളായിരുന്നു. ഓർമ്മകൾക്കു മുന്നിൽ ആദരാഞ്ജലികൾ.

വൈദിക ട്രസ്റ്റി ഫാ. ഡോ. എം.ഒ. ജോൺ

എന്റെ സഭ എന്ന ചിന്ത ചേർത്ത് പിടിച്ച് കഴിഞ്ഞ പത്ത് വർഷത്തിൽ അധികമായി മലങ്കര സഭയെ ധീരമായി നയിച്ച പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ലളിതമായ ജീവിതത്തിന് ഉടമയും, സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിക്കുവാൻ പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്ന വ്യക്തിയും, അതിലുപരി ശക്തമായ നിലപാടുകൾ കൊണ്ടും ജനഹൃദയങ്ങളിൽ സ്ഥാനം നേടിയ ശ്രേഷ്ഠ മഹാചാര്യനുമായിരുന്നു.

അപ്പോസ്തോലിക സന്ദർശനങ്ങൾ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര സഭയുടെ അന്തർ ദേശീയ-എക്യുമെനിക്കൽ സഭാ ബന്ധങ്ങൾ 1937 ലെ എഡിൻബറോ സമ്മേളനം മുതൽ ആരംഭിച്ചതാണ്. പ. പൗലോസ് ദ്വിതീയന്റെ കാലത്താണ് എക്യുമെനിക്കൽ ബന്ധങ്ങൾക്ക് പുത്തൻ കാഴ്ചപ്പാടുകൾ പകർന്നത്. ഇക്കാലത്ത് സഭാ തലവന്മാരുടെ പരസ്പര സന്ദർശനങ്ങളും സഹകരണങ്ങളും ഉദയ കക്ഷി ബന്ധങ്ങളും വ്യാപകമായി. എക്യുമെനിക്കൽ -സഭാന്തരബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിരവധി രാജ്യാന്തര യാത്രകളും സംവാദങ്ങളും പ. പൗലേസ് ദ്വിതീയൻ കാതോലിക്കാ ബാവാ നടത്തി. കെയ്റോ (2012), എത്യോപ്യ (2013), വത്തിക്കാൻ (2013), ഇംഗ്ലണ്ടിലെ ലാംബത്ത് (2013), വിയന്ന (2013), അർമ്മീനിയ (2015), ബെയ്റൂട്ട് (2015), ജർമ്മനി (2017), എത്യോപ്യ (2017), റക്ഷ്യ (2019) എന്നിവിടങ്ങളിൽ നടത്തിയ വിവിധ സഭാ സമ്മേളനങ്ങളും ഉഭയകക്ഷി ചർച്ചകളും ശ്രദ്ധേയമാണ്.

കോപ്റ്റിക്ക് സഭയുടെ പ. പോപ്പ് തെവദ്രോസുമായും (2012), പ. ഫ്രാൻസിസ് മാർപാപ്പായുമായും (2013), മത്ഥ്യാസ് പാത്രിയർക്കീസ് ബാവായുമായും (2013), പ. കരേക്കിൻ, പ. അരാം എന്നീ കാതോലിക്കാമാരുമായും (2015), അന്ത്യോഖ്യൻ സഭയുടെ പാത്രിയർക്കീസ് പ. അപ്രം രണ്ടാമൻ (2015), പ. ഇഗ്നാത്തിയോസ് യൗനാൻ പാത്രി യർക്കീസ് ബാവായുമായും (2015) റഷ്യൻ പാത്രിയർക്കീസ് പ. കിറിൾ ബാവായുമായും കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ട്.

ടിബറ്റൻ ആത്മീയാചാര്യൻ ദലൈലാമായുമായി എറണാ കുളത്തും (2002) പ.പോപ്പ് ഫ്രാൻസിസ് മാർപാപ്പാ യുമായി വത്തിക്കാനിലും (2013) നടത്തിയ കൂടിക്കാഴ്ചകളും ശ്രദ്ധേയമാണ്.

ഈജിപ്റ്റിലെ കെയ്റോയി ൽ കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ തലവൻ പ. തെവദ്രോസ് രണ്ടാമൻ പോപ്പിന്റെ സ്ഥാനരോഹണത്തിലും (2012), ആഡിസ് അബാബയിൽ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ തലവൻ പ. ആബൂനാ മത്ഥിയാസ് പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിലും (2013), ഇംഗ്ലണ്ടിലെ ആഗ്ലിക്കൻ ആസ്ഥാനമായ ലാംബത്തിൽ നടന്ന എക്യുമെനിക്കൽ സമ്മേളനത്തിലും (2013), അർമ്മീനിയൻ വംശ വിച്ഛേദനത്തിന്റെ (1915) ശതാബ്ദി അനുസ്മരണത്തിലും (2015), ജർമ്മനിയിൽ മാർട്ടിൻ ലൂഥറിന്റെ മത നവീകരണത്തിന്റെ 500-ാം വാർഷികത്തിലും (2017), മുഖ്യാതിഥിയായി പങ്കെടുത്തു. എത്യോപ്യൻ സഭയുടെ ആഡിസ് അബാബായിലെ മെസ്ക്കൽ ആഘോഷത്തിൽ (2017) മുഖ്യ കാർമ്മികനായിരുന്നു. റഷ്യൻ സഭയും മലങ്കര സഭയും തമ്മിലുണ്ടായ ബന്ധം കൂടു തൽ ശക്തിപ്പെടുത്താൻ റക്ഷ്യൻ പാത്രിയർക്കീസ് പ. കിറിൾ ബാവായുമായി മോസ്ക്കോയി ൽ സംഭാഷണം നടത്തി (2019) ഉദയ കക്ഷി ബന്ധത്തിന് സമിതി രൂപീകരിച്ചു. ആതുര ശുശ്രൂഷ, കലാസാംസ്കാരികത, വേദശാസ്ത്ര വിദ്യാഭ്യാസം എന്നിവയി ൽ പരസ്പര ബന്ധം വ്യാപിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നു. സഭാ ഭേദമെന്യ വിശാല എക്യൂമിനിക്കൽ ബന്ധങ്ങൾക്ക് പ. പൗലേസ് ദ്വിതീയൻ ബാവ നേതൃത്വം നൽകി.










അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ

പൗരസ്ത്യ ദേശത്തെ 91-ാമത് കാതോലിക്കായും 21-ാമത് മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗം അതി ദുഃഖകരമാണ്. നേട്ടങ്ങളുടെ കൊടുമുടിയിലും സമ്മർദ്ദങ്ങളുടെ ഗർത്തങ്ങളിലും സന്തുലനം കാക്കുന്ന പരിശുദ്ധ പിതാവ് സഭാ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള തന്റെ നിയോഗം മുൻനിർത്തി ദൈവാത്മാവിൽ അതിജീവിച്ച പ്രതിസന്ധികൾ സഹസ്രാബ്ദങ്ങൾക്കുശേഷവും സഭ സ്മരിക്കും.

ജീവചരിത്ര ഫലകം

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ

1946 ഓഗസ്റ്റ് 30: പഴഞ്ഞി മങ്ങാട് കൊള്ളന്നൂർ കെ. ഐ. ഐപ്പിന്റെ മകനായി ജനിച്ചു (പേര് കെ. ഐ. പോൾ).

1972 ഏപ്രിൽ 8: പരുമല സെമിനാരിയിൽ യൂഹാനോൻ മാർ സേവേറിയോസിൽ നിന്നും കോറൂയോ പട്ടമേറ്റു.

1973 മെയ് 31: കൊരട്ടി സീയോൻ സെമിനാരിയിൽ യൂഹാനോൻ മാർ സേവേറിയോസിൽ നിന്നും പൂർണ്ണ ശെമ്മാശുപട്ടമേറ്റു.

1973 ജൂൺ 2: പരുമല സെമിനാരിയിൽ യൂഹാനോൻ മാർ സേവേറിയോസിൽ നിന്നും കശ്ശീശാ പട്ടമേറ്റു.

1982 ഡിസംബർ 28: തിരുവല്ല എം.ജി.എം. സ്കൂളിൽ നടന്ന മലങ്കര അസോസിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു.

1983 മെയ് 14: പരുമല സെമിനാരിയിൽ മാത്യൂസ് മാർ കൂറിലോസ് (പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ) റമ്പാൻ സ്ഥാനം നൽകി.


1985 മെയ് 15: മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് പൗലോസ് മാർ മിലിത്തിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനമേറ്റു.

1985 ഓഗസ്റ്റ് 1: കുന്നംകുളം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി ചുമതലയേറ്റു.

2006 ഒക്ടോബർ 12: പരുമല സെമിനാരിയിൽ നടന്ന മലങ്കര അസോസിയേഷൻ നിയുക്ത കാതോലിക്കായായി തിരഞ്ഞെടുത്തു.

2010 ഒക്ടോബർ 31: പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ മലങ്കര മെത്രാപ്പോലീത്താ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്തായായി ചുമതലയേറ്റു.

2010 നവംബർ 1: പരുമല സെമിനാരിയിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനമേറ്റു. പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനാരോഹണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികൻ ആയിരുന്നു. മുൻഗാമിയാൽ



വാഴിക്കപ്പെട്ട ആദ്യ പൗരസ്ത്യ കാതോലിക്കാ.

2012 മാർച്ച് 7: പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. വൈദികട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അത്മായട്രസ്റ്റിയായി എം. ജി. ജോർജ് മുത്തൂറ്റിനെയും തെരഞ്ഞെടുത്തു.

2012 നവംബർ 18: കെയ്റോയിൽ നടന്ന കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ തലവൻ പ. തെവദ്രോസ് രണ്ടാമൻ പോപ്പിന്റെ സ്ഥാനാരോഹണശുശ്രൂഷയിൽ പ്രത്യേകത ക്ഷണിതാവായി സംബന്ധിച്ചു.

2012 നവംബർ 25: എറണാകുളം മറൈൻ ഡ്രൈവിൽ നടന്ന കാതോലിക്കേറ്റ് ശതാബ്ദി മഹാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ടിബറ്റൻ ആത്മീയാചര്യൻ ദലൈലാമ മുഖ്യാതിഥി ആയിരുന്നു.

2013 ഫെബ്രുവരി 28: ആഡിസ് അബാബയിൽ നടന്ന എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ തലവൻ പ. ആബൂനാ മത്ഥിയാസ് പാത്രിയർക്കീസിന്റെ സ്ഥാനാരോഹണശുശ്രൂഷയിൽ മുഖ്യ അതിഥിയായി പങ്കെടുത്തു.

2013 സെപ്റ്റംബർ 5: വത്തിക്കാനിൽ വച്ച് റോമൻ കത്തോലിക്കാ സഭയുടെ തലവൻ പ. ഫ്രാൻസിസ് മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തി.

2013 സെപ്റ്റംബർ 9: ആംഗ്ലിക്കൻ സഭാ ആസ്ഥാനമായ ലാംബത്ത് പാലസിൽ നടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

2015 ഏപ്രിൽ 24: അർമേനിയായിൽ 1915-ൽ നടന്ന വംശവിച്ഛേദനത്തിന്റെ നൂറാം അനുസ്മരണ ശുശ്രൂഷയിൽ മുഖ്യാതിഥിയായി സംബന്ധിച്ചു.

2015 ഏപ്രിൽ 25: അന്ത്യോഖ്യൻ സിറിയക് ഓർത്തഡോക്സ് സഭയുടെ തലവൻ പ. ഇഗ്നാത്തിയോസ് അപ്രേം രണ്ടാമനുമായി അർമേനിയായിൽ കൂടിക്കാഴ്ച നടത്തി.

2015 ജൂലൈ 20: അർമേനിയൻ രക്തസാക്ഷി കളുടെ സ്മരണാർത്ഥം ബെയ്റൂട്ടിൽ നടന്ന അനു സ്മരണ ശുശ്രൂഷയിലും അർമേനിയൻ സഭയുടെ വി. മൂറോൻ കൂദാശയിലും മുഖ്യാതിഥിയായി പങ്കെടുത്തു.

2017 മാർച്ച് 1: കോട്ടയം എം.ഡി. സെമിനാരിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. വൈദികട്രസ്റ്റിയായി ഫാ. ഡോ. എം. ഒ. ജോണിനെയും അത്മായട്രസ്റ്റിയായി ജോർജ് പോളിനെയും തെരഞ്ഞെടുത്തു.

2019 റഷ്യൻ പര്യടനം: പരിശുദ്ധ കിറിൾ ബാവായുമായി മോസ്കോയിൽ സംഭാഷണം നടത്തി.

THE MALANKARA SABHA,
CATHOLICATE OFFICE, KOTTAYAM-686 038

RNI No. 3076/57, Reg. No. KL/KTM/39/2021-23
License No. KL/CR/KTM/WPP-32/2021-23

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ
/ഫാ. സഖറിയ നൈനാൻ

പരിപാലനയുടെ വർഷങ്ങൾ



ദൈവനിയോഗത്താൽ മലങ്കരസഭയുടെ പ്രധാന മേലധ്യക്ഷ പദവിയെന്ന സ്ഥാനമേറ്റതിന്റെ ഞെട്ടൽ ഇതുവരെയും മാറിയിട്ടില്ല എന്നതാണ് വാസ്തവം. ഇത് സ്വീകരിച്ച നിമിഷം മുതൽ ഇന്നെയോളം ഒരു ദൈവനിശ്ചയവും നടത്തിപ്പും ഒപ്പമുണ്ട് എന്നത് മനസ്സിലെ അനുഭവമാണ്. 2010 നവംബർ ഒന്നാം തീയതി ഭരണചുമതലയേറ്റതു മുതൽ സഭാ സംബന്ധിയായ എല്ലാ കാര്യങ്ങളിലും പ്രശ്നങ്ങളിലും പ്രതിസന്ധികളിലും അവസാന വാക്ക് പറയേണ്ട വ്യക്തി എന്ന നിലയിൽ മറുപടി നല്കാൻ ഞാൻ നിർബന്ധിതനാണ്. ചില സംഗതികളിൽ തുറന്ന് പ്രതികരിക്കാൻ പ്രയാസമുണ്ടാകും. പറഞ്ഞതിൽ ചിലത് അപ്രിയ സത്യങ്ങളായിരിക്കും. പറഞ്ഞതിന്റെയും പറയാത്തതിന്റെയും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. (ചിരിയോടെ).

പൗരോഹിത്യ ജീവിതത്തിലെ എട്ടു വർഷത്തോളം ഏറണാകുളം പള്ളിയുടെ അസി.വികാരിയായി സേവനമനുഷ്ഠിച്ചു. ഭരണപരമായ കാര്യങ്ങളിൽ പ്രത്യേക പങ്കൊന്നും എനിക്കവിടെ ഉണ്ടായിരുന്നില്ല. ഇതല്ലാതെ മറ്റൊരു ഇടവക ഭരണ പരിചയവും ഉണ്ടായിട്ടുമില്ല. തുടർന്ന് മേല്പട്ട സ്ഥാനത്തേക്ക് വിളിക്കപ്പെട്ടു. അതുകൊണ്ട് തന്നെ ഭരണപരമായ ഏതൊരു വിഷയങ്ങളിലും ഒരു തീരുമാനമെടുക്കേണ്ടി വരുമ്പോൾ മൂന്ന് ഘടകങ്ങളാണ് ഇന്നും ഞാൻ മാനദണ്ഡങ്ങളാക്കുന്നത് ഒന്നാമത്, ഈ വിഷയത്തിലുള്ള ദൈവത്തിന്റെ ആലോചന എന്തായിരിക്കും. രണ്ടാമത്തെ മാനദണ്ഡം നിയമസംഹിതകളാണ്. ഈ വിഷയത്തിൽ നിയമം എന്താണ് അനുശാസിക്കുന്നത്. കാരണം, നിയമത്തിൽ നിന്നുള്ള വ്യതിചലനം ഭരണപരമായ കാര്യങ്ങളിൽ വീഴ്ച വരുത്തും. മൂന്നാമത്തേത്, എന്റെ മനസാക്ഷിയാണ്. പ്രാർത്ഥനയിൽ വെളിപ്പെടുന്ന ദൈവഹിതവും നിയമം നല്കുന്ന വ്യാഖ്യാനവും മനസാക്ഷിയുടെ ഉദ്ബോധനവും ഒരേപോലെ വരുന്നപക്ഷം പിന്നെ ഇടം വലം നോക്കാറില്ല. അത്തരത്തിൽ രൂപപ്പെടുന്ന തീരുമാനങ്ങളിൽ യാതൊരു വിധ ബാഹ്യസ്വാധീനവും ഉണ്ടായിട്ടുമില്ല.

2013 മുതലാണ് പരുമല ആശുപത്രിയിലേക്ക് കൂടുതൽ ശ്രദ്ധ പതിയുന്നത്. ചില അസുഖകരമായ സാഹചര്യങ്ങൾ അവിടെ ഉടലെടുത്ത പശ്ചാത്തലത്തിൽ ചില കടുത്ത തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതായി വന്നു. 2014 ജനുവരി ഒന്നാം തീയതി ബഹുമാനപ്പെട്ട എം.സി. പൗലൂസച്ചൻ മുഖ്യകാര്യദർശിയായി ആശുപത്രിയിൽ ചുമതലയേറ്റു. സ്നേഹപൂർവ്വമായ നിർബന്ധം അച്ചന്റെ മേൽ ചെലുത്തിയെന്നത് വാസ്തവമാണ്. പലതരത്തിലുള്ള ഉൾകലക്കങ്ങളെയും രാഷ്ട്രീയ സമ്മർദ്ദങ്ങളെയും സമരാഹ്വാനങ്ങളെയും കർശനമായ താക്കീതുകൾ കൊണ്ടാണ് നാം അതിജീവിച്ചത്. ദൈവകൃപയാൽ അന്താരാഷ്ട്ര നിലവാരമുള്ള ചികിത്സാ സൗകര്യങ്ങളോടെ അനുക്രമമായ പുരോഗതിയിലേക്കാണ് ആശുപത്രി മുന്നേറുന്നത്. വായ്പകളും ബാധ്യതകളും വീട്ടുവാൻ വകയുള്ള സാഹചര്യമാണ് നിലവിലുള്ളത്. വ്യക്തിപരമായ അനുഭവം പറഞ്ഞാൽ, എനിക്ക് രോഗം വന്നപ്പോൾ രണ്ട് കാര്യങ്ങളിലാണ് നിർബന്ധം പിടിച്ചത്. ഒന്ന്, പരുമല ആശുപത്രിയിൽ തന്നെയാകണം എന്റെ ചികിത്സ നടക്കേണ്ടത്. രണ്ടാമത്, വിദേശത്തേക്ക് ചികിത്സയ്ക്ക് പോകുവാൻ എന്നെ നിർബന്ധിക്കരുത്. പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും അനേകായിരങ്ങൾക്ക് സൗഖ്യം നല്കുന്ന ആ സ്ഥാപനത്തോടു ചേർന്ന് എപ്പോഴും ഉണ്ടായിരിക്കും.

ഇനി വ്യവഹാരം സംബന്ധിച്ചുള്ള കാര്യമാണ്. തർക്കവിഷയങ്ങളിൽ മാത്രമല്ല സഭയുടെ എല്ലാ കാര്യങ്ങളിലും ഒരു ത്രിമാന വീക്ഷണം സ്വീകരിക്കാൻ ശ്രമിക്കാറുണ്ട്. സഭയുടെ ഭൂതകാല ചരിത്രം; വർത്തമാനകാല സ്ഥിതി; ഭാവികാല സ്വപ്നങ്ങൾ; ഇവ ഓരോന്നും ആലോചനയിൽ വരും. ചരിത്രഗതിയിൽ സഭ നേരിട്ട പരീക്ഷകളെയും പോരാട്ടങ്ങളെയും കുറിച്ച് വ്യക്തമായ ധാരണ എനിക്കുണ്ട്. വൈദേശിക അധിനിവേശങ്ങളും വേദശാസ്ത്രപരമായ തർക്കങ്ങളും അതിൽപ്പെടും. അതാതു കാലങ്ങളിൽ കോടതി വിധികളും ഭരണാധികാരികളുടെ ഇടപെടലും ഉണ്ടായിട്ടുണ്ട്. വർത്തമാന കാലത്ത് സ്വതന്ത്ര ഭാരതത്തിന്റെ പരമോന്നത നീതിപീഠം പ്രഖ്യാപിച്ച തർക്ക പരിഹാരമാണ് 2017 ജൂലൈ 3-ന് ഉണ്ടായ ബഹു. സുപ്രീം കോടതി വിധി. സഭയെ സംബന്ധിച്ചിടത്തോളം ഭൂതകാലത്തിലെ ഒരു രാജകീയ വിളംബരത്തിന് സമാനമായിട്ടാണ് നാമിതിനെ ഗണിക്കുന്നത്. ഇതിലൂടെ പ്രശ്നപരിഹാരത്തിന് ഒരു ജുഡീഷ്യൽ പ്ലാറ്റ്ഫോം ഉളവായിരിക്കുന്നു. എന്നാൽ നിയമപരമായ ഈ അടിത്തറയിൽ നിന്നുകൊണ്ടല്ലാതെ സൃഷ്ടിക്കാൻ ശ്രമിക്കുന്ന പരിഹാര ശ്രമങ്ങളോടാണ് എനിക്ക് എതിർപ്പുള്ളത്. കാരണം, അത്യുന്നതമായ ഒരു കോടതി വിധിയെപ്പോലും കൈയൂക്കും അതിക്രമവും പണക്കൊഴുപ്പും രാഷ്ട്രീയ ദുഃസ്വാധീനവും കൊണ്ട് മറിമടക്കാൻ ചിലർ ഇപ്പോഴും ശ്രമിക്കുന്നു. നമ്മുടെ മക്കളുടെ മക്കളുടെ കാലത്ത് ഇതിനെചൊല്ലി ഒരു വ്യവഹാരമുണ്ടാകാൻ പാടില്ല എന്നതാണ് നമ്മുടെ ആഗ്രഹം. അതിന് ഈ നിയമപരമായ അടിത്തറ ഉപയോഗപ്പെടുത്തണം എന്നത് മാത്രമാണ് നമ്മുടെ നിർബന്ധം. അതാണ് പലരും 'പിടിവാശിയായി' ആക്ഷേപിക്കുന്നതും. സർക്കാരിന് വേണമെങ്കിൽ നിയമങ്ങളുണ്ടാക്കാം. നീതി വൈകിപ്പിക്കാം. അതിൽ എനിക്ക് സങ്കടമില്ല. നമുക്കൊന്നേയുള്ളൂ. നമ്മുടെ വിശ്വാസികളെ നാം വഞ്ചിച്ചു എന്നു പറയാനിടവരരുത്. (ശബ്ദമുയർത്തി) വി. മാർത്തോമ്മാ ശ്ലീഹായുടെ പിൻതുടർച്ചയും പോർട്ടുഗീസ് പൂർവ്വകാലത്തെ നസ്രാണി പാരമ്പര്യവും നമ്മുടെ രക്തത്തിന്റെ ഭാഗമാണ്. അത് നഷ്ടമാക്കുന്ന ഒരു തീരുമാനത്തിലും എനിക്ക് പങ്കുണ്ടാവില്ല. നാം നമ്മുടെ ജനത്തെ വഞ്ചിച്ചു എന്ന പേരുദോഷം കേൾക്കാൻ എനിക്ക് ഇഷ്ടമല്ല. ഇപ്പോഴത്തെ നിലയ്ക്ക് നിലവിലുള്ള വിധിയും നിയമവും ഭരണഘടനാ വ്യവസ്ഥകളുമാണ് നമ്മുടെ തീരുമാനത്തിന് ആധാരമായി നിലകൊള്ളുന്നത്.

രാഷ്ട്രീയത്തിന്റെ അവസരവാദ നയങ്ങളോട് ചേർന്ന് സഭയുടെ സ്വാതന്ത്ര്യം പണയപ്പെടുത്താൻ നാം ഒരുക്കമല്ല. മാധ്യമങ്ങളെ പ്രീതിപ്പെടുത്താൻ എനിക്കറിയില്ല. സഹോദരീസഭകളുടെ തെറ്റിദ്ധാരണകൾ മാറിവരും എന്ന ഉറപ്പുണ്ട്. ഒറ്റപ്പെട്ടാലും ഇരട്ടപ്പെട്ടാലും എനിക്ക് വ്യസനമില്ല. ദൈവം എന്നെ ഒരു നിയോഗം ഏല്പിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. അതിനാൽ തന്നെ മനുഷ്യരേക്കാൾ അധികമായി ദൈവത്തോടാണ് ഞാൻ പ്രധാനമായും ഉത്തരം പറയേണ്ടത്. തട്ടിക്കൂട്ട് സമാധാനം എന്ന കാൺമാൻ ഭംഗിയുള്ളതും കേൾപ്പാൻ ഇമ്പകരവുമായ ആപ്പിൾ പഴത്തിന്റെ പ്രലോഭനത്തിൽ വീണുപോകാൻ ഞാൻ തയ്യാറല്ല. നിയമപരമായ വ്യവസ്ഥയിൽ രൂപപ്പെടുന്ന സമാധാനം മാത്രമായിരിക്കും ശാശ്വതമായിത്തീരുന്നത് എന്നോർക്കണം. അധാർമ്മികതയോടും സത്യസന്ധതയില്ലായ്മയോടും പോരാടുന്നത് ക്രിസ്തീയത തന്നെയെന്നാണ് എന്റെ വിശ്വാസം. എല്ലായ്പ്പോഴും നേര് നിരങ്ങിയേ വരൂ!

ഈ സഭ തന്റേതാണ് എന്ന ബോധ്യം എല്ലാവർക്കുമുണ്ടാകണം. അതിനായി പ്രാർത്ഥിക്കണം. ദൈവം ഭരമേല്പിച്ച ഈ സ്ഥാനം ആസ്വദിക്കാനുള്ളതായി ഇന്നെയോളം തോന്നിയിട്ടില്ല. സഭാസ്വാതന്ത്ര്യത്തെ പ്രതി ദൃഢനിശ്ചയമെടുക്കേണ്ടി വന്നതിനാൽ തന്നെ ഏറെ പ്രിയപ്പെട്ട പലരോടും മുഷിയേണ്ടതായി വന്നിട്ടുണ്ട്. സ്നേഹിതരും ചാർച്ചക്കാരും ഗുരുനാഥന്മാരുമൊക്കെ ചില നേരങ്ങളിൽ അകലം പാലിച്ചു നിന്നിട്ടുണ്ട്. അതിലൊന്നുമിപ്പോൾ ഭാരപ്പെടുന്നില്ല. ദൈവത്തോടുള്ള പ്രാർത്ഥന മാത്രമാണ് ശരണം. പ്രാർത്ഥിക്കുംതോറും പരീക്ഷകൾ ഏറുമെന്നാണ് വി. വേദപുസ്തകവും പിതാക്കന്മാരും നമ്മെ പഠിപ്പിച്ചിട്ടുള്ളത്. സംഘർഷങ്ങൾക്കിടയിലും ദൈവനടത്തിപ്പിന്റെ ബലം അനുഭവിക്കുന്നുണ്ട്. ഇന്നലെയും ഇന്നും നമ്മെ നടത്തുന്നവനായ ദൈവം തമ്പുരാൻ നാളെയും നന്മയിലേക്ക് നമ്മെ നയിക്കും എന്ന പ്രത്യാശയും പ്രാർത്ഥനയും മനസ്സിലെപ്പോഴുമുണ്ട്. ■

ലളിത മാനസൻ

ഡോ. സിറിയക് തോമസ്
(മുൻ വൈസ് ചാൻസിലർ,
മഹാത്മാഗാന്ധി സർവ്വകലാശാല)

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുമായി ഒരാത്മ ബന്ധമുണ്ടാകുന്നത് തിരുമേനി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായായിരിക്കേ നിയുക്ത കാതോലിക്കായായി ദേവലോകം അരമനയിൽ വന്നു ചേർന്നതിനുശേഷമാണ്. പരിശുദ്ധ മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ ബാല്യ കാല യാതനകളോ, കടന്നു പോയ കാലത്തെ കണ്ണുനീരിന്റെ ഉപ്പോ, കഷ്ടപ്പാടിന്റെ കാഠിന്യമോ തിരുമേനിയുടെ മനസ്സിന്റെ മാർദ്ദവത്തിനു മാറ്റമൊന്നും വരുത്തിയില്ല. ഭക്തി, തിരുമേനിക്കു സഹജമായിരുന്നു. വിശ്വാസ ദാർഢ്യം പാരമ്പര്യ ഗുണവും. കുന്നംകുളത്തെ ആദിപാദവും വൈദിക ശുശ്രൂഷയിലെ രണ്ടാം പാദവും ബാവയുടെ മനസ്സിന്റെ ഉറവ വറ്റാത്ത കാരുണ്യത്തിനു പ്രകടമായ തെളിവായി. സ്വന്തം സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും സഹജീവികൾക്കു നേരെ നീട്ടിയ, കരുണയുടെ കൈത്താങ്ങ് ആരേയും അത്ഭുതപ്പെടുത്തും. ഇല്ലായ്മകൾക്കിടയിൽ നിന്നുകൊണ്ടാണ് എല്ലായ്പ്പോഴും തിരുമേനി സഹോദരങ്ങൾക്കു കാവലാളായത്. "Am I the keeper of my brother?" എന്നു ധാർഷ്ഠ്യത്തോടെ ദൈവം തമ്പുരാനോടു തിരിച്ചു ചോദിച്ച കായേനു സ്വന്തം ജീവിതത്തിന്റെ സത്തയിലൂടെയാണ് തിരുമേനി മറുസാക്ഷ്യം മെനഞ്ഞത്. അതിനുള്ള പ്രതിസമ്മാനം ദൈവം തിരുമേനിക്കു നൽകിയതു കാതോലിക്കാബാവ എന്ന മഹാ പൗരോഹിത്യപദവിയിലൂടെയാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ബാവാമാരുടെ ഗണത്തിൽ പൗലോസ് ദ്വിതീയൻ ബാവായുമുണ്ട്.

കാലത്തിന്റെ കണ്ണിലുണ്ണിയായി കരുതപ്പെടുന്ന ഫ്രാൻസിസ് മാർപാപ്പായും ബാവാ തിരുമേനിയുടെ ആത്മീയതയുടെ ആഴവും ഭക്തിയും ഭംഗിയും ലാളിത്യത്തിന്റെ ലയവും തിരിച്ചറിഞ്ഞതുകൊണ്ടാവണമല്ലോ, വത്തിക്കാനിൽ സന്ദർശനത്തിനെത്തിയ ബാവായോട് തിരിച്ചുപോകുന്നതിന്റെ തലേന്ന് ഔപചാരികമായ അത്താഴ വിരുന്നിനുശേഷം യാത്രാവന്ദനം പറഞ്ഞു മടങ്ങിയിട്ടും പിറ്റേന്നു രാവിലെ അഞ്ചര മണിക്കു ബാവ വിമാനത്താവളത്തിലേക്കു പുറപ്പെടുവാൻ നിശ്ചയിച്ച സമയമായപ്പോൾ കാലാവസ്ഥയുടെ കഠിനമായ തണുപ്പിലും പോർട്ടിക്കോവിന്റെ നടയിൽ വന്നു തിരുമേനിയെ യാത്രയാക്കിയത്. വത്തിക്കാനിലെ പ്രോട്ടോക്കോൾ കീഴ്വഴക്കങ്ങൾ മാറ്റിവച്ചുകൊണ്ടാണ് മാർപാപ്പാ പൗലോസ് ദ്വിതീയൻ ബാവായോടുള്ള തന്റെ ആദരവു പ്രകടമാക്കിയത്. അധികാര തിമിരത്തിൽ കാഴ്ച മങ്ങി, പലപ്പോഴും ബാവാ തിരുമേനിയുടെ മഹത്വത്തിന്റെ മാറ്ററിയാതെ പോയ നാട്ടിലെ ഭരണപ്രഭുക്കൾക്കു ഒരു പക്ഷേ അറിയാതെയാണെങ്കിൽക്കൂടി മാർപാപ്പാ നൽകിയ മറുപടിയുമാവാം. ആദ്യ കൂടിക്കാഴ്ച്ചയിൽ തന്നെ ബാവാ തിരുമേനിയുടെ ആത്മീയ ഔന്നത്യം ഫ്രാൻസിസ് മാർപാപ്പാ തിരിച്ചറിഞ്ഞുവെന്നതാണു സത്യം. എന്നാൽ ലോകത്തെ ഏറ്റവും വലിയ ആത്മീയ നേതാവ് റോമൻ കീഴ്വഴക്കങ്ങളെ മറി കടന്നു തന്നെ മാനിക്കുവാൻ മനസ്സുവെച്ചപ്പോഴും ബാവായുടെ ലാളിത്യത്തിന്റെ പതിവു ശൈലികൾക്കൊന്നും യാതൊരു മാറ്റവുമുണ്ടായില്ല എന്നിടത്താണ് നാം തിരുമേനിയുടെ ആത്മീയതയുടെ അളക്കാനാവാത്ത ആഴം തിരിച്ചറിയുന്നത്.

സഭാതർക്കങ്ങളിൽ രമ്യ പരിഹാരത്തിനുള്ള ഒരു സാധ്യതയുടെ നേർക്കും തിരുമേനി ഒരിക്കലും മുഖം തിരിച്ചിട്ടില്ല, സ്വന്തസഭയുടെ നിലപാടുകളിൽ വെള്ളം ചേർത്തിട്ടുമില്ല. എന്നാൽ താൻ നയിക്കുന്ന സഭയുടെ നിയമാനുസൃതമായ അവകാശങ്ങൾ നിഷേധിക്കുവാൻ സർക്കാരും അധികാര കേന്ദ്രങ്ങളും ശ്രമിക്കുന്നുവെന്നു തോന്നിയാൽ മുന്നണികളുടെ മുഖം നോക്കാതെ, അധികാര ദുർവ്വിനിയോഗം നടത്തുന്നതാരായാലും അവർക്കെതിരെ ശക്തമായി പ്രതികരിക്കുവാനും ബാവാ മടിച്ചിട്ടുമില്ല. അത്തരം സന്ദർഭങ്ങളിൽ രാഷ്ട്രീയം നോക്കാതെ തന്നെ വേണ്ടി വന്നപ്പോഴൊക്കെ തന്റെ അതൃപ്തിയും നീരസവും പരസ്യമാക്കുവാനും ബാവാ തയ്യാറായി. അതിന്റെ പേരിൽ തന്റെ നേർക്കുണ്ടായ ചിലരുടെ അവഗണനയിലോ വിമർശനങ്ങളിലോ പരിഭവിക്കുകയോ എതിർപ്പുകൾക്കു മുൻപിൽ പകയ്ക്കുകയോ പതറുകയോ ഉണ്ടായതുമില്ല. 'ഭക്തി' ബാവാ തിരുമേനിക്ക് ഒരിക്കലും ഒരാഭരണമല്ല. മറിച്ചു തന്റെ പൂർവ്വീകരുടെ വിശ്വാസത്തിന്റെ തുടർച്ചയും തന്റെ സന്യാസവ്രതത്തിന്റെ ആത്മസത്തയുമാണ്. മാസത്തിലൊരിക്കലെങ്കിലും ഞാലിയാകുഴി ദയറായിൽ മൗനത്തിനും ധ്യാനത്തിനും എത്ര തിരക്കുകൾക്കിടയിലും ബാവാ സമയം കണ്ടെത്തിയിരുന്നു. ■

PRINTED & PUBLISHED BY FR.SHALU LUKOSE FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM.P.O.,VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT MATTATHIL PRINTERS & PRIVATE LTD. CHANGANASSERY AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004. EDITOR: FR. ZACHARIAH NINAN
(PRIVATE CIRCULATION ONLY)